**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ല - മുട്ടിൽ കൃഷി ഭവൻ "ജൈവജീവനം" പദ്ധതിയിലെ സാമ്പത്തിക ക്രമക്കേട് - കൃഷി ഓഫീസർ ശ്രീമതി സുമിന.ടി.എസ് -ന് എതിരായ അച്ചടക്ക നടപടി തീർപ്പ് കല്പ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.46/2024/AGRI തീയതി,തിരുവനന്തപുരം, 12-01-2024

---

പരാമർശം:-

1. 31/08/2018-ലെ കൃഷി വകുപ്പ് ഡയറക്ടറുടെ എസ്.വി.സി (5) 37872/16 നമ്പർ റിപ്പോർട്ട്.
2. 14/12/2018 തീയതിയിലെ കൃഷി-ഇ എ3/66/2018-കൃഷി നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
3. 08/03/2019-ലെ ശ്രീമതി സുമിന റ്റി.എസ്-ന്റെ പ്രതിവാദ പത്രിക.
4. 03/08/2019 ലെ കൃഷി വകുപ്പ് ഡയറക്ടറുടെ SVC (5) 37872/16 നമ്പർ കത്ത് പ്രകാരമുള്ള അഭിപ്രായക്കുറിപ്പ്.
5. 10/07/2020 തീയതിയിലെ സ.ഉ.(സാധാ) നം.644/2020/കൃഷി നമ്പർ ഉത്തരവ്.
6. 19/07/2021-ലെ കൃഷി വകുപ്പ് ഡയറക്ടറുടെ SVC (5) 37872/16 നമ്പർ അന്വേഷണ റിപ്പോർട്ട്.
7. 18/11/2021-ലെ ശ്രീമതി സുമിന റ്റി.എസ്-ന്റെ നേരിൽ കേൾക്കുന്നതിനുള്ള അപേക്ഷ.
8. 07/05/2022, 01/08/2022 എന്നീ തീയതികളിലെ SVC (5) 37872/16 നമ്പർ റിപ്പോർട്ട്.
9. 10/10/2023-ലെ ശ്രീമതി സുമിന റ്റി.എസ്-ന്റെ സ്റ്റേറ്റ്മെന്റ്.

**<u>ഉത്തരവ്</u>**

സംസ്ഥാന ഇന്റലിജൻസ് ബ്യൂറോയുടെ കത്ത് പ്രകാരം 57/68 നമ്പറായി

രജിസ്റ്റർ ചെയ്ത വയനാട് അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി കഴിഞ്ഞ 20 വർഷത്തോളമായി കൽപ്പറ്റയിൽ ഫ്ലവർഷോ നടത്തുകയും സർക്കാരിൽ നിന്നും സബ്സിഡി വാങ്ങിക്കൊണ്ടിരിക്കെ ജൈവപച്ചക്കറിയുടെ ഉത്പാദനം വർദ്ധപ്പിക്കുന്നതിനും ജനങ്ങളിൽ വിഷ രഹിത പച്ചക്കറി എത്തിക്കുക എന്ന ഉദ്ദേശത്തോടെയും ആരംഭിച്ച ജൈവജീവനം എന്ന പദ്ധതിയിലൂടെ സർക്കാരിൽ നിന്നും ലഭിച്ച സബ്സിഡി പണം ഉൾപ്പെടെ 7,05,000/-രൂപ പലതവണകളിലായി കൈപ്പറ്റിയതിനു ശേഷം ടി പദ്ധതി പ്രസ്തുത സൊസൈറ്റി ഉപേക്ഷിക്കുകയും 2.342 ഹെക്ടർ സ്ഥലത്ത് ഇറക്കിയ വിത്തുകൾ മുളപോലും പൊട്ടാതെ സ്ഥിതി ചെയ്യുന്നതും ഇപ്പോൾ കാടുമൂടി കിടക്കുകയായി കാണുന്നു എന്നും സർക്കാരിൽ നിന്നും ഇത്രയും പണം വയനാട് അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റിക്ക് സബ്സിഡിയായി നൽകുന്നതിന് മുട്ടിൽ കൃഷി ഭവനിലെ കൃഷി ഓഫീസർ ശ്രീമതി സുമിനയും മറ്റു ജീവനക്കാരും 20% തുക പാരിതോഷികമായി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമായിട്ടുള്ളതിനാൽ ആയത് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിയ്ക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

വയനാട് ജില്ലയിലെ മുട്ടിൽ കൃഷി ഭവൻ വഴി 2014-15 വർഷത്തിൽ നടപ്പിലാക്കിയ ജൈവജീവനം പദ്ധതിയിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറായിരുന്ന ശ്രീമതി സുമിന.ടി.എസ് -നെതിരെ 1960 ലെ KCS (CC&A) പ്രകാരമുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ആയതിന് പരാമർശം (3) ടിയാൾ പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിന്മേൽ പരാമർശം (4) പ്രകാരം ഡയറക്ടർ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിരുന്നു. ടിയാളുടെ പ്രതിവാദങ്ങൾ തൃപ്തികരമല്ലാതിരുന്നതിനാൽ ടിയാരിക്കെതിരായ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ.മധു ജോർജ്ജ് മത്തായിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (5) ഉത്തരവാകുകയും ടിയാൻ പരാമർശം പരാമർശം (6) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

2014-15 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള സാമ്പത്തിക സഹായം ക്ലസ്റ്റർ ഒന്നിന് 6.30 ലക്ഷം വീതം വകയിരുത്തിയിരുന്നതിൽ വയനാട് ജില്ലയ്ക്ക് അനുവദിച്ച ആറ് എ ഗ്രേഡ് ക്ലസ്റ്ററുകളിൽ ഒന്നായ വയനാട് അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിക്ക് കീഴിൽ ആരംഭിച്ച ജൈവ ജീവനം പച്ചക്കറി ക്ലസ്റ്ററെന്നും 2015-16 വർഷം തന്നെ എ ഗ്രേഡ് ക്ലസ്റ്ററായി ഉയർത്തപ്പെട്ടു എന്നും വയനാട് അഗ്രി ഹോർട്ടി സൊസൈറ്റി സെക്രട്ടറി ശ്രീ.മനോജ്കുമാർ ലഭ്യമാക്കിയ ഓഡിറ്റ് റിപ്പോർട്ടിൽ 2015 മാർച്ച് മാസത്തിൽ 295000/- രൂപയുടെ ആദ്യത്തെ ക്ലെയിമും ജൂലൈ മാസത്തിൽ 335000/-രൂപയുടെ ക്ലയിമും മുട്ടിൽ കൃഷി ഓഫീസർ കൽപ്പറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ചുവെന്നും,

ക്ലസ്റ്റർ രൂപീകരണത്തിന് ശേഷം ആനുകൂല്യം ശുപാർശ ചെയ്യുന്നതിൽ അസാധാരണമായ ധൃതി കൃഷി ഓഫീസർ കാണിച്ചതായും പദ്ധതി മാനദണ്ഡങ്ങൾ ലംഘിച്ചതായും മേലധികാരി പരിശോധനയില്ലാതെ ആനുകൂല്യം അനുവദിച്ചതായും ജൈവജീവനം പച്ചക്കറി ക്ലസ്റ്ററിൽ സർക്കാരിന് വന്ന നഷ്ടം മുതൽകൂട്ടുന്നതിനുള്ള അന്വേഷണം നടത്തുന്നതിന്, പരാതിക്ക് ശേഷവും മേലുദ്യോഗസ്ഥർ ശ്രമിച്ചിട്ടില്ലയെന്നും **2016**-ന് ശേഷമുള്ള മുഴുവൻ ഇടപാടുകളും പാസ്ബുക്കിൽ രേഖപ്പെടുത്തലുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സൊസൈറ്റിക്ക് സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ഏത് കാലയളവ് വരെ ലഭിച്ചു എന്ന് കണ്ടെത്താൻ സാധിക്കാതെ വരികയും ചെക്ക്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പണമിടപാടിൽ സുതാര്യത പുലർത്തിയിട്ടില്ല എന്നും ടി വീഴ്ചകൾക്ക് ഉത്തരവാദിയായ ശ്രീമതി.സുമിന ടി.എസ് കുറ്റകരമായ അനാസ്ഥയും, സർക്കാരിന് സാമ്പത്തിക നഷ്ടവും വരുത്തിയതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടുവെന്നും അതിനാൽ ടിയാൾക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കണമെന്നുമുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയും പരാമർശം **(7)** പ്രകാരമുള്ള ശ്രീമതി.സുമിന ടി.എസ്-ന്റെ നേരിൽ കേൾക്കണമെന്നുള്ള അപേക്ഷയുടെയും അടിസ്ഥാനത്തിൽ ശ്രീമതി സുമിന.ടി.എസ് - നെ **10/10/2023**-ന് നേരിൽ കേൾക്കുകയുമുണ്ടായി.

**2014-15** സാമ്പത്തിക വർഷം അവസാനിക്കുന്ന വേളയിൽ **2,95,000/-** രൂപ യുടെ പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യം നൽകുന്നതിനുള്ള ക്ലെയിമുകളാണ് നൽകിയിട്ടുള്ളതെന്നും ക്ലെയിമുകൾ തയ്യാറാക്കിയിട്ടുള്ളത് വർക്കിംഗ് ഇൻസ്ട്രക്ഷനിൽ പറഞ്ഞിട്ടുള്ള കമ്പോണന്റുകളിൽ ഗ്രൂപ്പ് വാങ്ങിയ ഉൽപ്പാദനോപാധികൾക്കും, മറ്റ് സാമഗ്രികളും വാങ്ങിച്ചിട്ടുള്ള ബില്ലിന്റെ അടിസ്ഥാനത്തിലാണെന്നും ഈ ഉപകരണങ്ങളെല്ലാം തന്നെ ഇപ്പോഴും ക്ലസ്റ്ററിന്റെ ഉടമസ്ഥതയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് റൂൾ **15** എൻക്വയറി സമയത്ത് നേരിൽകണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും **335000/-**രൂപയുടെ ക്ലെയിം സ്റ്റേറ്റ്മെന്റ് മാർച്ച് **31** ന് അകം മാറിയില്ലെങ്കിൽ തുക ലാപ്സ് ആകുമെന്നും മേൽ തുക **3,35,000/-** രൂപയുടെ അഡ്വാൻസ് ക്ലെയിം നൽകുന്നതിന് കൽപ്പറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെട്ടത് അനുസരിച്ചാണ് അഡ്വാൻസ് ക്ലെയിം സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതെന്നും തുക രണ്ട് ഘട്ടങ്ങളിലായി കൊടുക്കാമെന്നത് വർക്കിംഗ് ഇൻസ്ട്രക്ഷനിൽ തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണെന്നും സാമ്പത്തിക വർഷാവസാനമായതിനാൽ തുക ലാപ്സ് ആകാതിരിക്കാനുള്ള കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ക്ലെയിമുകളെല്ലാം സമർപ്പിച്ചിട്ടുള്ളതെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിശോധനയ്ക്ക് ശേഷം മാത്രമാണ് തുകകളെല്ലാം പാസാക്കി നൽകിയതെന്നും പദ്ധതി ആരംഭിച്ചിട്ട് ഒരു വർഷ കാലയളവ് മാത്രമാണ് താൻ അവിടെ തുടർ ന്നിരുന്നതെന്നും ഹിയറിംഗ് വേളയിൽ ശ്രീമതി സുമിന.ടി.എസ് അറിയിക്കുകയുണ്ടായി.

പരാമർശം **(8)** പ്രകാരമുള്ള കൃഷി വകുപ്പ് ഡയറക്ടറുടെ വിശദമായ

റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ശ്രീമതി സുമിന.ടി.എസ് പരാമർശം (9) പ്രകാരം സമർപ്പിച്ച അനുബന്ധ രേഖകളുടെയും വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014-2015 സാമ്പത്തിക വർഷത്തിൽ വയനാട് മുട്ടിൽ കൃഷി ഭവനിൽ കൃഷി ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ടാർജറ്റ് ലഭിച്ചതിനുശേഷം ഡെപ്യൂട്ടി ഡയറക്ടർ സ്ഥല പരിശോധന നടത്തുകയും ഫീൽഡ് ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ക്ലെയിം പാസാക്കി നൽകിയതെന്ന് വ്യക്തമാകുകയും കൂടാതെ വയനാട് അഗ്രി ഹോർട്ടി സൊസൈറ്റിക്ക് എ ഗ്രേഡ് ക്ലസ്റ്റർ എന്ന പദവി നൽകിയത് മേലുദ്യോഗസ്ഥരുടെ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽകൂടിയാണെന്നും എ ഗ്രേഡ് ക്ലസ്റ്ററിന്റെ ഉദ്ഘാടനം അന്നത്തെ കൽപ്പറ്റ നിയോജകമണ്ഡലം ബഹു:എം.എൽ.എ ശ്രീ.എം.വി. ശ്രേയാംസ്കുമാർ നിർവഹിക്കുകയും കൃഷിക്ക് വ്യാപക പ്രചരണം നൽകുകയുമുണ്ടായിട്ടുണ്ടെന്നും ഹിയറിംഗ് വേളയിൽ ആയതു സംബന്ധിച്ച് ടിയാൾ സമർപ്പിച്ച അനുബന്ധ പത്ര കട്ടിംഗുകളും നോട്ടീസുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ജൈവ ജീവനം ക്ലസ്റ്റർ കൺവീനറായ ശ്രീ.മനോജ്കുമാറും ക്ലസ്റ്ററിലെ മറ്റു അംഗങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകളാണ് ഇങ്ങനെ ഒരു ആരോപണം കെട്ടിച്ചമക്കാൻ കാരണമെന്നു വ്യക്തമാകുകയുണ്ടായി. ക്ലെയിം സ്റ്റേററ്മെന്റ് മാർച്ച് 31 - നകം മാറിയില്ലെങ്കിൽ തുക ലാപ്സ് ആകുമെന്നും മേൽ തുക 3,35,000/-രൂപയുടെ അഡ്വാൻസ് ക്ലെയിം നൽകുന്നതിന് കൽപ്പറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെട്ടത് അനുസരിച്ചാണ് അഡ്വാൻസ് ക്ലെയിം സ്റ്റേററ്മെന്റ് സമർപ്പിച്ചിട്ടുള്ളതെന്നും ഹിയറിംഗ് വേളയിൽ വ്യക്തമായിട്ടുള്ളതും കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അറിവോടും കൂടിയാണ് മേൽ പദ്ധതി നടത്തിപ്പിനു ശ്രമിച്ചിട്ടുള്ളതെന്നും ജൈവജീവനം പദ്ധതി തുടങ്ങി ഒരു വർഷം കഴിഞ്ഞിട്ട് 2016 ആഗസ്റ്റ് 1 ന് മുട്ടിൽ കൃഷി ഭവനിൽ നിന്നും സ്ഥലംമാറി പോയ ശ്രീമതി സുമിന.ടി.എസ്. ക്ലസ്റ്റർ നിർത്തുന്നതിന് ആർജ്ജവം കാണിച്ചിട്ടില്ല എന്ന ആരോപണം തികച്ചും വസ്തുതാവിരുദ്ധമായി കണക്കാക്കുന്നു.

മുട്ടിൽ പ്രദേശത്ത് വർഷങ്ങളായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആധുനിക രീതി അവലംബിച്ചുകൊണ്ട് പച്ചക്കറി കൃഷി ചെയ്തു വരുന്ന വിവരം ബോധ്യമുള്ള കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ എന്നിവരിൽ തുടങ്ങി മേലുദ്യോഗസ്ഥരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും കൂട്ടുത്തരവാദിത്തത്തിലും കൂട്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ടി ക്ലസ്റ്ററിനെ തെരെഞ്ഞെടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് വയനാട് മുട്ടിൽ ജൈവജീവനം പദ്ധതിയെന്ന് വ്യക്തമാണ്. "ജൈവജീവനം" പദ്ധതി നടത്തിപ്പിനായി ലഭിച്ച 6,00,000/- രൂപയും പദ്ധതിക്കായി ചെലവഴിക്കുകയുണ്ടായെങ്കിലും പ്രകൃതി ദുരന്തങ്ങൾ നിമിത്തമാണ് പദ്ധതിക്ക് ഉദ്ദശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിയാതിരുന്നതും, പദ്ധതി വരും വർഷങ്ങളിൽ തുടരാനാകാഞ്ഞതും, എന്ന വസ്തുതകൾ കണക്കിലെടുത്തും, ജൈവജീവനം പദ്ധതി തുടങ്ങി ഒരു വർഷം കഴിഞ്ഞിട്ട് 2016 ആഗസ്റ്റ് 1 ന് മുട്ടിൽ കൃഷി ഭവനിൽ നിന്നും

സ്ഥലംമാറി പോയ ശ്രീമതി സുമിന.ടി.എസ്. ക്ലസ്റ്റർ നിർത്തുന്നതിന് ആർജ്ജവം കാണിച്ചിട്ടില്ല എന്ന ആരോപണം തികച്ചും വസ്തുതാവിരുദ്ധമായി കാണുന്നതിനാലും ,2018 ലെ ചാർജ്ജ് മെമ്മോയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് മൂന്നു വർഷമായി ലഭിക്കേണ്ട പ്രൊമോഷൻ തടയപ്പെട്ടതും ഇതിനോടൊപ്പം നാല് ഇൻക്രിമെന്റ് തടയപ്പെടുകയും ചെയ്തുതു തന്നെ പദ്ധതി നടത്തിപ്പിൽ ടിയാളുടെ ഭാഗത്തു നിന്നുണ്ടായ മനപ്പൂർവ്വമല്ലാത്ത വീഴ്ചയ്ക്ക് നൽകാവുന്ന പരമാവധി ശിക്ഷയായി കണക്കാക്കി ശ്രീമതി സുമിന.ടി.എസ്-നു സെൻഷ്വർ നൽകിക്കൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കിയും വയനാട് അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിക്കുള്ള 3,35,000/-രൂപയ്ക്കുള്ള ക്ലെയിമിൽ ഉൾപ്പെട്ട ഒരു ലക്ഷം രൂപയ്ക്കുള്ള സാമഗ്രികൾ നിലവിലുള്ള അവസ്ഥയിൽ കൽപ്പറ്റ അഡീഷണൽ ഡയറക്ടർ (കൃഷി) ഏറ്റെടുക്കാൻ നിർദേശം നല്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി സുമിന.ടി.എസ്, കൃഷി ഓഫീസർ. (കൃഷി വകുപ്പ് ഡയറക്ടർ മുഖേന)
വെബ്&ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
വിജിലൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/66/2018-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ